## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 614 — 31.10.2016 ൽ മറുപടിയ്ക്ക്

## സിവിൽ സപ്ലൈസ് കോർപ്പറേഷൻ- സാധനങ്ങളുടെ വിതരണ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി ഗീതാ ഗോപി<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ. കെ.രാജൻ<br>ശ്രീ. മുഹമ്മദ് മുഹസിൻ പി. | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) കുടുംബശ്രീ യൂണിറ്റുകൾ, വനിതാ സ്വാശ്രയ സംഘങ്ങൾ എന്നിവ മുഖേന സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിതരണം ചെയ്യുന്ന സാധനങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ; | (എ) നിലവിൽ പദ്ധതിയില്ല. |
| (ബി) എല്ലായിടത്തും എത്താൻ കഴിയുന്ന ഗതാഗത സൗകര്യമെന്ന നിലയിൽ ഓട്ടോറിക്ഷകളെ ഉപയോഗപ്പെടുത്തിക്കൊണ്ട് സാധനങ്ങൾ വീടുകളിലും ഫ്ലാറ്റുകളിലും എത്തിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; | (ബി) യും (സി) യും മേൽ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |
| (സി) ഓൺലൈനായി ഓർഡർ നല്കിയാൽ പ്രസ്തുത പദ്ധതി പ്രകാരം സാധനങ്ങൾ എത്തിക്കുന്നതിന് സാധിക്കുമോ; വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ

# വിശദീകരണക്കുറിപ്പ്

കുടുംബശ്രീ യൂണിറ്റുകളെയും മറ്റ് സ്വാശ്രയ സംഘങ്ങളേയും ഉൾപ്പെടുത്തി സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിതരണം ചെയ്യുന്ന സാധനങ്ങൾ വിതരണം ചെയ്യാനുള്ള പ്രാരംഭ നടപടിയെന്ന നിലയിൽ 2014 – ൽ ആലോചനയോഗം കൂടിയെങ്കിലും കൂടുതൽ വിശദമായ പഠനം ആവശ്യമായതിനാലും; വ്യാപാരം ഓൺലൈൻ ആയി ചെയ്യുന്നതിന് നിലവിലുള്ള സോഫ്റ്റ് വെയർ സൗകര്യങ്ങൾ അപര്യാപ്തമായതിനാലും പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. സിവിൽ സപ്ലൈസ് കോർപ്പറേഷൻ നിലവിൽ കൈകാര്യം ചെയ്യുന്നത് അവശ്യ സാധന വിതരണമാണ്.

സബ്സിഡി നിരക്കിലുള്ള വിൽപ്പനയ്ക്കുപുറമെ അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതു ജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും, FMCG ഉൽപ്പന്നങ്ങളും MRP യേക്കാൾ / മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു

ഇതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിൽപ്പനശാലകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ പുതിയ വിൽപ്പനശാലകളും ആരംഭിക്കുന്നുണ്ട് ഓൺലൈൻ ആയി വ്യാപാരം ആരംഭിക്കുമ്പോൾ ആവശ്യമായ വെബ് സപ്പോർട്ട്, സോഫ്റ്റ് വെയറുകൾ, ആവശ്യമായ സ്റ്റാഫ് വിതരണ ശൃംഖല എന്നിവ കൂടുതൽ ബാധ്യത ഉണ്ടാക്കാൻ ഉളവാകുന്നതാകയാൽ നിലവിലെ സാഹചര്യത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്ന സാധനങ്ങൾ ഉപഭോക്താക്കൾക്ക് നേരിട്ട് എത്തിക്കുന്നത് പ്രായോഗികമല്ല

സെക്ഷൻ ഓഫീസർ